# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2345** **08.07.2015 - ൽ** മറുപടിക്ക്

## വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടിയുടേതാണ് പദ്ധതി രൂപരേഖ; | (എ) | വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകൾക്ക് വേണ്ടി മംഗലം ഡാം സ്രോതസ്സായ ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 20 കോടി രൂപയ്ക്ക് എസ്.എൽ.എസ്.എസ്.സി അംഗീകാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രോജക്ടിൽ കണ്ണമ്പ്ര പഞ്ചായത്തിനെ ഉൾപ്പെടുത്തിയിരുന്നില്ല. |
| (ബി) | പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | കണ്ണമ്പ്ര പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി എസ്.എൽ.എസ്.എസ്.സി. അനുവദിച്ച പ്രകാരം 20 കോടി രൂപയിൽ ഒന്നാംഘട്ടം നിജപ്പെടുത്തി 2012-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും വാട്ടർ അതോറിറ്റിയിൽ സി.പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ അതിനനുസരിച്ച് എഞ്ചിനീയറിംഗ് റിപ്പോർട്ട് പുതുക്കി തയ്യാറാക്കി വരുന്നു. കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ 162 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, മംഗലം ഡാമിൽ നിന്നും വെള്ളം എടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ, 4 പഞ്ചായത്തുകളിലും ഉന്നതതല ജലസംഭരണികൾ, ഇതിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള പമ്പിംഗ് മെയിനുകൾ, ജല |

ശുദ്ധീകരണശാലയിലേക്കും ജലശുദ്ധീകരണശാലയിൽ നിന്ന് ജലസംഭരണിയിലേക്കും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റുകൾ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ.

(സി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

(സി) കണ്ണമ്പ്ര പഞ്ചായത്ത് കൂടി ഉൾപ്പെടുത്തിയ പുതിയ പ്രോജക്ടിന് ഭരണാനുമതി ലഭിച്ചിട്ടില്ല. സി.പി.ഡബ്ല്യു.ഡി. നിരക്ക് പ്രകാരം പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ജല ശുദ്ധീകരണശാലയും ജലസംഭരണിയും മംഗലം ഡാം പരിസരത്ത് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്താണ് വിഭാവനം ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ